## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4503** **04.02.2014- ൽ മറുപടിക്ക്**

### വൈക്കം താലൂക്കിലെ ദുരിതാശ്വാസ ക്യാമ്പുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കഴിഞ്ഞ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വൈക്കം താലൂക്കിൽ എത്രയിടങ്ങളിൽ എത്ര തവണ വീതം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു; പ്രസ്തുത ക്യാമ്പുകളിൽ ആകെ എത്ര ആളുകൾ എത്ര കുടുംബങ്ങളിൽ നിന്നും എത്തിയിരുന്നു; വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വൈക്കം താലൂക്കിൽ 47 ഇടങ്ങളിൽ ഒരു തവണ വീതവും 16 സ്ഥലങ്ങളിൽ രണ്ട് തവണ വീതവുമായി ആകെ 63 ഇടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിട്ടുണ്ട്. 5183 കുടുംബങ്ങളിൽ നിന്നും 18140 ആളുകൾ എത്തിയിരുന്നു. |
| (ബി) | വൈക്കം താലൂക്കിലെ എത്ര വില്ലേജുകളിലാണ് വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നതെന്നും പ്രസ്തുത ക്യാമ്പുകൾക്കായി ഓരോ വില്ലേജിലും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | വൈക്കം താലൂക്കിലെ 12 വില്ലേജുകളിൽ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ തുറന്നു. ഓരോ വില്ലേജിലും ചെലവഴിച്ച തുക താഴെ ചേർക്കുന്നു. |

| ക്രമ നം | വില്ലേജിന്റെ പേര് | ചെലവായ തുക |
|---|---|---|
| 1 | ചെമ്പ് | 1,09,450/- |
| 2 | മുട്ടുചിറ | 15,800/- |
| 3 | നടുവില | 1,42,700/- |
| 4 | തലയാഴം | 2,64,170/- |
| 5 | വടക്കേ മുറി | 75,800/- |
| 6 | വടയാർ | 46,560/- |
| 7 | വൈക്കം | 93,000/- |
| 8 | വെച്ചൂർ | 85,000/- |
| 9 | കുലശേഖരമംഗലം | 1,27,270/- |
| 10 | കല്ലറ | 1,82,010/- |
| 11 | വെള്ളൂർ | 93,500/- |
| 12 | മുളക്കുളം | 4,240/- |

| | | | |
|---|---|---|---|
| (സി) | സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ സഹായം (2000 രൂപ) വൈക്കം താലൂക്കിലെ എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വില്ലേജുകളിലാണ് തുക നൽകിയതെന്നും വ്യക്തമാക്കുമോ; | (സി) | 1414 കുടുംബങ്ങൾക്ക് വിതരണം ചെയ്തു. വൈക്കം, നടുവില, വടക്കേമുറി, കല്ലറ, വെച്ചൂർ എന്നീ വില്ലേജുകളിലാണ് തുക നൽകിയിട്ടുള്ളത്. |
| (ഡി) | ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയ എത്ര കുടുംബങ്ങൾക്കാണ് ഇനി സർക്കാർ സഹായം ലഭ്യമാക്കാനുള്ളതെന്നും ഇവർക്ക് എന്നത്തേക്ക് സഹായം നൽകാനാവുമെന്നും വ്യക്തമാക്കുമോ? | (ഡി) | 3769 കുടുംബങ്ങൾക്ക് ധനസഹായം നൽകാനുണ്ട്. ഇതിൽ 2782 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക കേന്ദ്ര ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി 987 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ